ഒരിക്കൽ പ്രശസ്ത നടനും സംവിധായകനുമായ ശ്രീനിവാസനെ ഇന്റർവ്യൂ ചെയ്യാൻ പ്രമുഖ പത്രത്തിൽ നിന്നും ഒരു പെൺകുട്ടി എത്തി.
നടന്റെ നേട്ടങ്ങൾ, ചലച്ചിത്ര ജീവിതം എല്ലാം മനസ്സിലാക്കിയ കുട്ടി അദ്ദേഹത്തിന്റെ സ്കൂൾ, കോളേജ് ജീവിതത്തിലേക്ക് കടന്നു. പ്രത്യേകിച്ച് ഒന്നും പറയാനില്ലാതെ ശ്രീനിവാസൻ, നിരാശയോടെ പെൺകുട്ടി.. ഇനി എന്തെഴുതി തന്റെ ലേഖനം പൊലിപ്പിക്കും എന്ന് ചിന്തിച്ചിരിക്കുന്ന പെൺകുട്ടിയോട് ശ്രീനിവാസൻ തന്റെ സ്വതസിദ്ധമായ ശൈലിയിൽ പറഞ്ഞു.. "ജീവിതം ഇങ്ങനെ ഒക്കെ ആകുമെന്നറിഞ്ഞിരുന്നെങ്കിൽ കുറേക്കൂടി സംഭവബഹുലമാക്കാമായിരുന്നു..."

ഇന്ന് നിറമുള്ള ജീവിതത്തിന്റെ തണലിൽ നിൽക്കുമ്പോൾ തന്റെ കുട്ടിക്കാലത്തെ കുറിച്ചുള്ള ചോദ്യത്തിന് പുഞ്ചിരിയോടെ ഈ കഥ പറഞ്ഞ വിനയാന്വിതനായ ഒരു ബാങ്ക് ജീവനക്കാരനാണ് ഇന്നത്തെ ദളത്തെ സമ്പുഷ്ടമാക്കുന്നത്.

ശ്രീകുമാർ ശ്രേയസ്,
കനറാ ബാങ്ക്,
ചവറ ശാഖ.

കൊല്ലം ജില്ലയിൽ ചവറയ്ക്കടുത്ത് തേവലക്കര സ്വദേശിയും റിട്ടയേർഡ് ആർമി ഉദ്യോഗസ്ഥനും പരേതനുമായ ചന്ദ്രശേഖരക്കുറുപ്പിന്റെയും വീട്ടമ്മയായ സീതാദേവിയുടെയും രണ്ട് മക്കളിൽ ഒരാളായ ശ്രീകുമാറിന്റെ ജനനം തേവലക്കരയിൽ തന്നെ.

അയ്യൻകോയിക്കൽ ഗവണ്മെന്റ് ഹൈസ്കൂളിൽ ആയിരുന്നു ശ്രീയുടെ സ്കൂൾ വിദ്യാഭ്യാസം, തുടർന്ന് പ്രശസ്തമായ ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജിൽ പ്രീഡിഗ്രി,ഡിഗ്രി വിദ്യാർത്ഥിയായി.

പത്താംതരത്തിൽ പഠിക്കുമ്പോൾ തന്നെ പിതാവിന്റെ മരണശേഷം കുടുംബനാഥനായി മാറിയതിനാൽ ഒരു ജോലി ലക്ഷ്യം വച്ചു നീങ്ങുമ്പോൾ മറ്റൊന്നിനും ജീവിതത്തിൽ വലിയ സ്ഥാനമുണ്ടായില്ല. എങ്കിലും ഒഴിവുസമയങ്ങൾ മുഴുവൻ വായനക്കായി നീക്കി വച്ചു ശ്രീ. കയ്യിൽ കിട്ടിയതൊക്കെയും വായിച്ചു കൂട്ടി. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ തന്റെ എഴുത്തിന്റെ അസംസ്കൃത വസ്തുക്കൾ എല്ലാം അന്നാണ് രൂപപ്പെട്ടത് എന്ന് ശ്രീ മനസിലാക്കുന്നു.

പഠനം പൂർത്തിയാക്കി ശ്രീകുമാർ 1997ൽ കാനറാ ബാങ്കിൽ പ്രവേശിച്ചു. മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ശാഖയിൽ. ജോലിക്ക് ശേഷം ധാരാളം ഒഴിവ് സമയം. വായിച്ചതിൽ നിന്നും ഉരുവായ പുതുനാമ്പുകൾ താളുകളിൽ മുളക്കാൻ തുടങ്ങിയ കാലം.

പെരുമ്പടപ്പിൽ നിന്നും പത്തനംതിട്ടക്കും അവിടെ നിന്നും കൊല്ലം ആനന്ദവല്ലീശ്വരം ശാഖയിലേക്കും. ഇക്കാലമായപ്പോഴേക്കും രചനകൾ മഷി പുരളാൻ തുടങ്ങിയിരുന്നു. ആദ്യകാലരചനകൾ മാതൃഭൂമിയിൽ തന്നെ വന്നു തുടങ്ങിയതെക്കുറിച്ച് പറയുമ്പോൾ

ശ്രീകുമാറിന്റെ വാക്കുകളിൽ അഭിമാനം നിറഞ്ഞുതുളുമ്പി.

ഫിലിം ഫെസ്റ്റിവലുകൾ ഒരു ഹരമായിരുന്നു അക്കാലത്ത് ശ്രീക്ക്, നിരവധി എഴുത്തുകാരെയും സിനിമപ്രവർത്തകരെയും പരിചയപ്പെടുക, സംവദിക്കുക ഇതൊക്കെയായിരുന്നു ഉദ്ദേശം. കൂട്ടത്തിൽ നല്ല സിനിമകൾ ഉണ്ടാക്കണം എന്ന സ്വകാര്യ മോഹവും ഉള്ളിൽ ഉറഞ്ഞുകൂടി.

അങ്ങനെ ഒരു ഫെസ്റ്റിവൽകാലത്താണ് പ്രശസ്ത സംവിധായകൻ ജയരാജുമായി ശ്രീകുമാർ അടുപ്പത്തിലാകുന്നത്. നല്ല ഒരു ഫിലിം മേക്കർ ആയ ജയരാജിനെ തന്റെ മാനസഗുരുവായി ശ്രീകുമാർ അംഗീകരിച്ചു. അനീതിക്കെതിരെ ശ്രീകുമാർ എഴുതിയ "സൃഷ്ടി" എന്ന ചെറുകഥയിൽ ഒരു സിനിമയുണ്ട് എന്ന ചിന്തയിൽ നിന്നും തുടങ്ങി ഇവർ തമ്മിലുള്ള ബന്ധം.
2008ൽ "ഓഫ് ദി പീപ്പിൾ" എന്ന ചലച്ചിത്രത്തിന്റെ തിരക്കഥ തയാറാകുന്നത് അങ്ങനെയാണ്. ഈ തിരക്ക് പിടിച്ച കാലത്ത് അടൂർ ശാഖയിലേക്ക് കിട്ടിയ സ്ഥലം മാറ്റം വലിയ ഒരനുഗ്രഹമായെന്ന് ശ്രീ. അവിടെ നിന്നും കരുനാഗപ്പള്ളിയിലേക്കും പിന്നീട് ഇന്നത്തെ ചവറ ശാഖയിലേക്കും. എല്ലാ ശാഖകളിലും സഹപ്രവർത്തകരും മേലധികാരികളും നൽകിയ പ്രചോദനങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും നന്ദി പറയുന്നു ശ്രീ.

ഈ സിനിമാമേഖലയിൽ ലഭിച്ച മറ്റൊരു ബന്ധമായിരുന്നു രാഹുൽ സദാശിവനുമായുള്ളത്. രാഹുലിന്റെ അച്ഛൻ ശ്രീ സദാശിവൻ കാനറാ ബാങ്കിൽ തന്നെ മാനേജർ ആയിരുന്നു. ലണ്ടനിൽ സിനിമാ സംവിധാനം പഠിക്കുന്ന മകനെ പരിചയ പെടുത്തിയതിൽ നിന്നും ഉടലെടുത്തതാണ് 2013ൽ പുറത്ത് വന്ന "റെഡ് റെയിൻ" എന്ന ചിത്രം. നിരവധി വിദേശികൾ പോലും അഭിനേതാക്കൾ ആയി എത്തിയ ഒരു സയൻസ് ഫിക്ക്ഷൻ ചിത്രം.

പിന്നീട് ഒരു നീണ്ട ഇടവേളക്ക് ശേഷമാണ് ഒരു ഹൊറർ ചിത്രം ചെയ്യുന്നതെപ്പറ്റി രാഹുലുമായി സംസാരിക്കുന്നതും ഭൂതകാലത്തിന്റെ രചനയിൽ ഏർപ്പെടുന്നതും. ഷെയ്ൻ നിഗവുമായി ആയിരുന്നു ആദ്യ ചർച്ച. പിന്നീട് രേവതിയിലേക്ക്. അൻവർ റഷീദ് എന്ന സിനിമാ മാന്ത്രികൻ നിർമിതാവായി വന്നപ്പോൾ ഏറ്റവും മികച്ചത് ഉടലെടുത്തു. സംസ്ഥാന അവാർഡിന് നോമിനേഷൻ വരുമ്പോൾ ഭൂതകാലം ഏറെ അവാർഡുകൾ വാങ്ങും എന്ന് തോന്നിയിരുന്നു. തന്റെ തൂലികത്തുമ്പിൽ വിരിഞ്ഞ കഥാപാത്രം 34 കൊല്ലത്തെ അഭിനയജീവിതത്തിൽ ഏറ്റവും നല്ല നടിക്കുള്ള അവാർഡ് വാങ്ങാൻ രേവതിക്ക് സഹായകമായതിൽ ഉള്ള സന്തോഷാധിക്യത്തിൽ ആണ് ശ്രീകുമാർ.

ഈ ചിത്രം മറ്റ് പല ഭാഷകളിലും റീമേക്ക് ചെയ്യാൻ താല്പര്യം ഉണ്ടെന്ന് ചിലർ വിളിച്ചറിയിക്കുമ്പോൾ ഉണ്ടാകുന്ന സന്തോഷം പറയാവുന്നതല്ല. രാംഗോപാൽ വർമ്മ, ധനുഷ് തുടങ്ങിയവരുടെ അഭിനന്ദങ്ങൾ നൽകിയ ഊർജം ഒട്ടും ചെറുതല്ല. സിനിമകൾക്കിടയിലെ ഗ്യാപിനെ കുറിച്ച് ചർച്ച ആയപ്പോൾ തന്റെ കൂടെ പിറപ്പായ മടിയും അലസതയും കാരണം നഷ്ടപെട്ട അവസരങ്ങളുടെ ഒരു ഘോഷയാത്ര തന്നെ കാണിച്ചു തന്നു വളരെ ചെറിയ കാര്യങ്ങളിലും ഒത്തിരി സന്തോഷം കണ്ടെത്തുന്ന ശ്രീകുമാർ ശ്രേയസ്.

മോഹൻലാൽ, കമലഹാസൻ, മമ്മൂട്ടി തുടങ്ങിയ മുൻനിര നടന്മാരുടെ ജീവിതചര്യകളും സമീപനങ്ങളും നേരിട്ട് കണ്ടപ്പോഴാണ് തന്റെ മടി ഒക്കെ മാറി ഈ മേഖലയിൽ കൂടുതൽ സജീവമാകണം എന്ന ചിന്ത ശക്തമായതെന്ന് ശ്രീകുമാർ. തിരക്കഥ തയാറാക്കിയ ചിത്രങ്ങളുടെ എല്ലാം അസ്സോസിയേറ്റ് ഡയറക്ടർ ആയി ജോലി ചെയ്തിട്ടുള്ള ശ്രീകുമാർ ഇപ്പോൾ ഒരു വലിയ ചിത്രത്തിന്റെ പണിപ്പുരയിലാണ്. സംവിധാനവും ശ്രീകുമാർ തന്നെയാവും ചെയ്യുക. ഈ ചിത്രത്തിൽ ടാലന്റഡ് ബാങ്കേഴ്സിലെ ചില പ്രതിഭകൾക്കും അവസരം ഉണ്ടാകും എന്ന് ശ്രീകുമാർ ഉറപ്പ് പറയുന്നു.

കൊറ്റംകുളങ്ങര ഗവണ്മെന്റ് ഹൈസ്കൂളിലെ അധ്യാപിക ആയ ധന്യയാണ് ശ്രീകുമാറിന്റെ സിനിമാക്കമ്പങ്ങൾക്ക് നിശ്ശബ്ദമായി ക്ലാപ്പ് അടിക്കുന്നത്. സ്ട്രാറ്റ് ഫോർഡ് സ്കൂളിലെ പന്ത്രണ്ടാം ക്ലാസ്സ് വിദ്യാർത്ഥിനി ശ്രേയയും ഏഴാം ക്ലാസ്സ് വിദ്യാർത്ഥി രേവന്തും അച്ഛന് നല്ല പിന്തുണ നൽകുന്നുണ്ട്.

യാത്രയും വായനയും തന്റെ ജീവിതത്തിലെ പുതുകഥകൾക്കും സംഭാഷണങ്ങൾക്കും വെളിച്ചം പകരാറുണ്ടെന്ന് ശ്രീകുമാർ.

വടപളനിയിലെ ആദിത്യ ഹോട്ടലിൽ സിനിമാ ചർച്ചകൾക്കിടയിൽ വന്നു കയറിയ ഉലകനായകൻ കമലഹാസനെ പരിചയപ്പെട്ടപ്പോൾ അദ്ദേഹം ചോദിച്ചു "എന്താ ശ്രീകുമാറിന്റെ അടുത്ത കഥ?"
"കഥ ഒന്നും ഇല്ല സാർ" എന്ന മറുപടിക്ക് ചിരിച്ച് കൊണ്ട് അദ്ദേഹം പറഞ്ഞു.. "ഈ സ്റ്റാർഹോട്ടലിന്റെ ഉള്ളിലേക്ക് കഥ വരില്ല സുഹൃത്തേ...
ഈ ഹോട്ടലിൽ നിന്നും പുറത്തിറങ്ങി നേരെ നടക്കൂ.. എതിരെ വരുന്ന ഓരോരുത്തരുടെ കയ്യിലും ഉണ്ടാവും ഒരു കഥ.. " ആ കഥകളെയും കാത്തിരിക്കുകയാണ് ശ്രീകുമാർ.
യാത്രകളും കാത്തിരിപ്പും സഫലമാവട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സും.

-----------------------------------------------------------------------------------------------
തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട
-----------------------------------------------------------------------------------------------

Once a girl working with a leading newspaper turned up to interview the celebrated actor cum director Srinivasan.

After a series of questions intended to take deeper discernment of the actor's accomplishments and acting vocation, the girl started posing questions about his school and college life. Amidst the quietude that gripped the conversations between Srinivasan which didn’t have anything particular to speak about and the girl who was pondering on how to go about to make her piece of writing stand out in elegance, Sreenivasan sticking on to his quintessential demeanour stated ; ”Had I known that life out turn out to be like this,I would have put in efforts to

make it ostentatiously lively.”

Let us bring to limelight a talented banker who whilst enjoying the shadow of his chromatic life,humbly and joyously shared this story.

Sreekumar Shreyas
Canara Bank,
Chavara branch.

Sreekumar was born in Thevalakkara near Chavara in Kollam district, to Late Mr Chandrasekhara Kurup,a native of Thevalakkara, who retired as an Army Officer and Mrs Seetha Devi, a home maker. He was one among the two sons of the couple.

He had his schooling at Ayyankoyikkal Government High School and graduated from the renowned Sasthamcotta Devaswom Board College.

Since he stepped into the shoes of the care taker of the family upon the demise of his father when he was in the 10th standard, he didn’t have much time to spare for anything else.However he shelved aside some time when ever he could so as to foster his habit of reading.

He read all that which came handy.Walking down the memory lane reminiscing those days, he feels as if it is what has shaped his aimless phrasings to meaningful endeavours.

Subsequent to completion of his studies, Sreekumar joined Canara Bank in 1997 in Perumbadappu branch of Malappuram district. During his stint there, he used to get free time after work. Whatsoever he read began sprouting as words in pages.

He got transferred from Perumbadappa to Pathanamthitta and from there to Anandavalleeswaram branch in Kollam. By that time his articles got published in Mathrubhoomi.

Film festivals fascinated him a lot back then and he would constantly try to get to know and interact with writers and filmmakers which instilled in him an interest in film making.

Meanwhile Sreekumar made friends with director, Shri Jayaraj whom he perceived as his mentor. The idea that there was a movie in the short story "Srishti" written by Sreekumar against injustice gave way to a bonding between them.This is how the script for "Of the People"-a film which got released in 2008 was made.

At the point when his life was so hectic, Sreekumar got transferred to Adoor branch, from where he moved to Karunagapally branch and thereafter to Chavara branch where he is working as of now.He thankfully recollects all the support and encouragement he received from his colleagues and higher authorities.

Another acquaintance he has in film industry is Shri Rahul Sadasivan. Rahul's father Shri Sadasivan was a manager working with Canara Bank who introduced his son who was studying a course on film making in London to Sreekumar back then.

This is the means by which he got a chance to work for the 2013 film "Red Rain"- A sci-fi film starring many

foreigners.Long time thereafter,he and Rahul thought of making the horror film 'Bhoothakalam'.

The discussion was firstly with Shane Nigam and later with Revathi. The best thing happened when Anwar Rashid, became the producer of the movie.Sreekumar strongly felt that the film would be nominated for State Award. The film made Ms Revathi win the Best Actress award in her 34 - year acting career.

When many people came forward wanting to remake the film in other languages,his bliss knew no bounds. They were lauded by Ramgopal Varma and Dhanush which served as a catalyst for him to leap forward. Sreekumar gave a glimpse of the opportunities he missed as well,owing to his lethargic and passive disposition.

Sreekumar opines that when he got to behold the life and attitudes of prominent actors like Mohanlal, Kamal Haasan and Mammootty, he got inspired and made up his mind to be more dynamic in the realm of movies. Sreekumar, who has worked as an associate director for all the films for which he has been the script writer, is presently working on a big film which will be directed by himself. Sreekumar assures that some talented talented bankers will also get an opportunity to be a part of the film.

Dhanya,his wife,who is working as a teacher at Kottamkulangara Government High School, supports Sreekumar althrough his artistic excursion. Shreya, a Class XII student at Stratford School, and Revant, a seventh-grade student, supports and encourages their father as well.

Sreekumar states that it is traveling and reading that sheds light on new stories, insights and conversations in his life.

When he met film star Kamal Haasan at the Aditya Hotel in Vadapalani during his film related discussions, he asked, "What is your next story?"to which Sreekumar replied that he was at a loss as regards stories.

Kamal Hassan retorted.

“Walk out of this hotel and go straight .There will be a story in the hands of everyone whom you comes across”

Sreekumar is waiting for those stories which he might come across at some instance. Talented bankers community wishes his journeys and longings to come to fruition.